**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

3511/എം./2010/കെഎസ്എച്ച്ഒ 15..03..2017

പ്രേക്ഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

സ്വീകർത്താവ്

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ, എറണാകുളം

സർ,

വിഷയം:- കുടുംബശ്രീ - എൻ.ആർ.എൽ.എം - Roll Out of Transaction Based MIS - എൻ.ആർ.എൽ.എം എംഐഎസ് വെബ് സൈറ്റ് - പരിശീലനം - തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശവും അനുമതിയും - സംബന്ധിച്ച്.

സൂചന: 1. 10/11/2016-ലെ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ജോയിന്റ് സെക്രട്ടറി, എൻആർഎൽഎം-ന്റെ J-11011/21/2015-RL(CN: 344530) നമ്പർ കത്ത്

2. 27.12..2016-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

സൂചന (1) പ്രകാരം ദേശീയ ഗ്രാമീണ ഉപജീവനമിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ക്രയവിക്രയ വിവരങ്ങൾ ശേഖരിക്കണമെന്നും ഇവ Transaction Based MIS -സോഫ്റ്റ് വെയറിൽ ചേർക്കണമെന്നും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്കിൽ 5 എഡിഎസ്സുകളിൽ ടാബ്ലെറ്റ് (പൈലറ്റ്) ഉപയോഗിച്ചും, ബാക്കി 66 എഡിഎസ്സുകളിൽ ഓൺലൈൻ അപ്ലിക്കേഷൻ ഉപയോഗിച്ചും നടപ്പിലാക്കേണ്ടതിനും പ്രസ്തുത പ്രവൃത്തികൾ എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തികമാക്കുന്നതിന് സൂചന (2) പ്രകാരം ഘടകങ്ങൾ തിരിച്ച് ആകെ 226892/- രൂപ അനുവദിച്ചു നൽകിയിരുന്നു.

എന്നാൽ മുഴുവൻ ജില്ലകളിലെയും Transaction based MIS പ്രക്രിയയ്ക്ക് വേണ്ടിയുള്ള പ്രാഥമിക പരിശീലന പരിപാടി എറണാകുളം ജില്ലയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം പരിശീലന പരിപാടിയുടെ രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്രകാരം പരിശീലനത്തിന് മുന്നോടിയായി അയൽക്കൂട്ട ഡാറ്റാ ശേഖരണവും, വിശകലനവും എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ വച്ച് 2017 മാർച്ച് 17-ന് സംഘടിപ്പിക്കുന്നതാണ്. 2017 മാർച്ച് 18-ന് മുഴുവൻ ജില്ലകളിലെയും ബന്ധപ്പെട്ട അംഗങ്ങളുടെ പരിശീലന പരിപാടി എറണാകുളം ജില്ലയിലെ കളമശ്ശേരി ഡിഡിയുജികെ രാജഗിരി പരിശീലന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നതാണ്.

സൂചന (2) പ്രകാരം അനുവദിച്ച തുകയ്ക്കുള്ളിൽ ഡാറ്റാ ശേഖരണവും, പരിശീലനം പരിപാടിയും സംഘടിപ്പിക്കേണ്ടതാണ്. പുതുതായി ഡാറ്റാ ശേഖരണം, നാഷണൽ മിഷൻ മാനേജർ (എംഐഎസ്), എൻആർഎൽഎം-ന്റെ പങ്കാളിത്തം എന്നിവ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ സൂചന (2) ൽ നൽകിയിട്ടുള്ള പരിശീലന ഘടകത്തിലെ തുകയായ 52600/-. രൂപയിലെ ഘടകങ്ങളിൽ ഭേദഗതി വരുത്തിയ പ്രതീക്ഷിത ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

| Sl. No. | Item | Unit Price (Rs.) | No. of members | Total |
|---|---|---|---|---|
| 1 | Rent for Training Hall with Compter Facility | 15,000 | | 15000 |
| 2 | Rent for Projector | 1500 | | 1500 |
| 3 | Stationary (Book & Pen) Expenses | 25 | 50 | 1250 |
| 4 | Food & Snacks | 200 | 65* | 13000 |
| 5 | Accomodation | 1000 | 5 | 5000 |
| 5 | Honorarium and TA to KAAS auditor for nhg financial data analysis | 750 | 1 | 750 |
| 5 | miscellaneous | 3000 | | 3000 |
| | **Total** | | | **39500** |

***അധിക 15 അംഗങ്ങളുടെ എണ്ണം 2017 മാർച്ച് 17 ൽ നിശ്ചയിച്ചിട്ടുള്ള പരിപാടിയിൽ ഉൾപ്പെടുന്നതാണ്.***

17/3/2017, 18/3/2017, 19/3/2017 എന്നീ തീയതികളിലെ ടി പരിശീലന പരിപാടിയിലേയ്ക്ക് എറണാകുളം ജില്ലാ മിഷനിൽ നിന്നും ഒരു വാഹനം ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രതീക്ഷിത ബഡ്ജറ്റ് അനുസരിച്ച് തുകകൾ വിനിയോഗിക്കേണ്ടതും ടി പരിപാടികൾ പൂർത്തീകരിച്ചതിനുശേഷം ധനിവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ടു വരുന്ന ചെലവുകൾ സൂചന (2) പ്രകാരമുള്ള നിർദ്ദേശിച്ചിട്ടുള്ള ശീർഷകത്തിൽ വകയിരുത്തി വിനിയോഗിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,<br>
(ഒപ്പ്)<br>
എക്സിക്യൂട്ടീവ് ഡയറക്ടർ<br>
കുടുംബശ്രീ

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.